(എ) ബി.ആർ.ഡി.സി. സ്ഥാപിച്ചത് ഏതു വർഷമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കോർപ്പറേഷൻ സ്ഥാപിച്ചതു മുതൽ ഇതുവരെയുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ബി.ആർ.ഡി.സി. സ്ഥാപിച്ചത് മുതൽ ഇന്നേവരെയുള്ള മൂലധന ചെലവ്, ഭരണ നിർവ്വഹണ ചെലവ് എന്നിവ സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1995-ൽ.

(ബി) ബി.ആർ.ഡി.സി.-യുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ആലപ്പുഴ ഡി.ടി.പി.സി. ഹരിപ്പാട് മണ്ഡലത്തിലെ പ്രവർത്തികൾക്ക് നൽകിയ അനുമതി

46 [5422] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഡി.ടി.പി.സി. ഹരിപ്പാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവർത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്;

(ബി) ഇക്കാര്യത്തിൽ ഇതേവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലെത്തിയിട്ടുണ്ട്;

(സി) ഏതെങ്കിലും പുതിയ പ്രവർത്തികൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹരിപ്പാട് മണ്ഡലത്തിൽ ഡി.ടി.പി.സി. ടൂറിസം പദ്ധതികൾക്ക് അനുമതി നൽകിയിട്ടില്ല.

(ബി) ചോദ്യം പ്രസക്തമല്ല.

(സി) ഇല്ല.

(ഡി) ചോദ്യം പ്രസക്തമല്ല.

ഗവൺമെന്റ് ഗസ്റ്റ് ഹൗസുകൾ കെ. ടി. ഡി. സി.-ക്ക് കൈമാറുന്നതുമൂലം ഉണ്ടാകുന്ന ദോഷം

47 [5423] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും ഗസ്റ്റ് ഹൗസ് കെ.ടി.ഡി.സി.-ക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

† അനുബന്ധം III, III A

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഗസ്റ്റ് ഹൗസുകൾ കെ. ടി. ഡി. സി.-ക്ക് കൈമാറാനുള്ള കാരണം വിശദമാക്കുമോ; ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ;

(സി) ഗവൺമെന്റ് ഗസ്റ്റ് ഹൗസുകൾ കെ. ടി. ഡി. സി.-ക്ക് കൈമാറുന്നതുമൂലം പൊതു പ്രവർത്തകർക്കും സർക്കാർ ജീവനക്കാർക്കും കുറഞ്ഞ നിരക്കിൽ താമസസൗകര്യം ലഭ്യമാക്കുകയെന്ന ലക്ഷ്യം നിറവേറ്റാൻ കഴിയില്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഗസ്റ്റ് ഹൗസുകൾ കൈമാറുന്നതുമൂലം പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എത്ര തസ്തികകളാണ് ഇല്ലാതാവുന്നതെന്നും, ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകളെ എപ്രകാരമാണ് ഇത് ബാധിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആറ്റിങ്ങലിലെ ഗസ്റ്റ് ഹൗസ്.

(ബി) ടൂറിസം വകുപ്പ് ഗസ്റ്റ് ഹൗസുകൾ നിർമ്മിക്കുന്നതും, പരിപാലിക്കുന്നതും സംസ്ഥാനം സന്ദർശിക്കുന്ന വിശിഷ്ടാതിഥികൾ, സംസ്ഥാന മന്ത്രിമാർ, പ്രതിപക്ഷ നേതാക്കൾ, ജനപ്രതിനിധികൾ, സർക്കാർ ജീവനക്കാർ എന്നിവർക്ക് ഔദ്യോഗിക താമസ-ഭക്ഷണ സൗകര്യം ഒരുക്കി കൊടുക്കുന്നതിനുവേണ്ടിയാണ്. പൊതുവെ ഇത്തരം ഗസ്റ്റ് ഹൗസുകൾ ജില്ലാ ആസ്ഥാനങ്ങളിലാണ് നിർമ്മിക്കാറുള്ളത്. ആറ്റിങ്ങലിലെ ഗസ്റ്റ് ഹൗസ് മേൽ ഉപയോഗങ്ങൾക്ക് ആവശ്യമായി വരുന്നില്ലെന്ന് കണ്ടതുകൊണ്ടാണ് ടൂറിസം വകുപ്പ് ഇതിന്റെ നിയന്ത്രണം കെ. ടി. ഡി. സി.-ക്ക് കൈമാറി വാണിജ്യാടിസ്ഥാനത്തിലുള്ള എന്തെങ്കിലും പദ്ധതിക്കായി ഉപയോഗപ്രദമാക്കാൻ നിശ്ചയിച്ചത്. മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(സി) ആറ്റിങ്ങലിൽ ഒരു ഗസ്റ്റ് ഹൗസിന്റെ ആവശ്യം ഇല്ലെന്ന് ബോദ്ധ്യമായിട്ടുണ്ട്. തിരുവനന്തപുരത്തിനും, കൊല്ലത്തിനുമിടയിൽ ഒരു ഗസ്റ്റ് ഹൗസിന് പ്രസക്തിയില്ല. മാത്രമല്ല ആറ്റിങ്ങൽ ഗസ്റ്റ് ഹൗസ് കെ. ടി. ഡി. സി.-ക്ക് കൈമാറിയപ്പോൾ മന്ത്രിമാർ, എം.എൽ.എ.-മാർ, സർക്കാർ ജീവനക്കാർ എന്നിവർക്ക് ഗസ്റ്റ് ഹൗസിന്റെ നിലവിലിരുന്ന മുറി വാടക തന്നെ ഈടാക്കുന്നതിനായി നിബന്ധന ഉണ്ടാക്കിയിട്ടുണ്ട്.

(ഡി) ആറ്റിങ്ങൽ ഗസ്റ്റ് ഹൗസിൽ 8 തസ്തികകളിലായി 10 ജീവനക്കാർ ജോലി നോക്കിവരുന്നുണ്ട്. ടി ജീവനക്കാരെ വകുപ്പിന്റെ കീഴിലുള്ള ഗസ്റ്റ് ഹൗസ്, പാലക്കാട്/ അഡീഷണൽ ഗസ്റ്റ് ഹൗസ്, എറണാകുളം എന്നിവിടങ്ങളിൽ നിയമിക്കുന്നതാണ്. അതിനാൽ ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകൾ നഷ്ടപ്പെടുന്നില്ല.

ഗസ്റ്റ് ഹൗസ് ജീവനക്കാരുടെ പ്രൊമോഷൻ

48 [5424] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിൽ പ്രൊമോഷന് അർഹത നേടിയ ധാരാളം ജീവനക്കാർ ഉണ്ടായിരിക്കെ റൂംബോയ്, വെയ്റ്റർ തുടങ്ങിയ തസ്തികകളിൽ ദിവസക്കൂലിയടിസ്ഥാനത്തിൽ ധാരാളം പേർ ജോലി ചെയ്യുന്നുണ്ടെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly